പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം .<br>നം. *221 | 14.12 .2015 ൽ മറുപടിക്ക് |
|---|---|

**മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ വിമാന ആംബുലൻസ് സർവീസ്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.അൻവർ സാദത്ത്**<br>**,, എം.എ. വാഹീദ്**<br>**,, ബെന്നി ബെഹനാൻ**<br>**,, വി.ഡി.സതീശൻ** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | വിമാന ആംബുലൻസ് സർവ്വീസിന്; മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്ക രിച്ചിട്ടുണ്ട്; | എ) & ബി) | കേരളത്തിൽ അത്യാസന്ന നിലയിലുള്ള രോഗികൾക്ക് മെച്ചപ്പെട്ട ആരോഗ്യസേവനം നൽകുവാനും മൃതസഞ്ജീവനി പദ്ധതിയിലൂടെ അവയവമാറ്റ ശസ്ത്രക്രിയകൾ കാര്യക്ഷമമായി നടത്തുവാനുമായി സർക്കാർ നിയന്ത്രണത്തിൽ ഒരു എയർ ആംബുലൻസ് സർവ്വീസ് ആരംഭിക്കുവാനുള്ള താത്പര്യപത്രം സർക്കാർ നിർദ്ദേശപ്രകാരം കേരളാമെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 13.08.2015 ന് ക്ഷണിച്ചിട്ടുണ്ട്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനു ദ്ദേശിക്കുന്നത്; വിശദാം ശങ്ങൾ എന്തെല്ലാം; | | |
| സി) | പ്രസ്തുത സർവീസ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കു മോ? | സി) | പ്രസ്തുത താത്പര്യപത്രത്തിൽ സർക്കാരിന്റെ പങ്കിനെകുറിച്ചുള്ള വിശദ വിവരണം ആവശ്യപ്പെടുകയും തത്ഫലമായി ഏഴ് കമ്പനികൾ താത്പര്യപത്രം സമർപ്പിക്കുകയും ഉണ്ടായി. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3289/2015/ആ.കു.വ. തീയതി 18/10/2015 പ്രകാരം ഏഴ് (7) അംഗ കമ്മറ്റിയെ ഈ താത്പര്യപത്രങ്ങൾ വിശദമായി പഠിക്കുവാനും ഈ പദ്ധതി പ്രവർത്തിപ്പിക്കുവാനുമുള്ള സാങ്കേതിക സാമ്പത്തിക മാനദണ്ഡങ്ങൾ നിർണയിക്കുവാനുമായി നിർദ്ദേശിച്ചു സർക്കാർ ഉത്തരവ് (കൈ) നമ്പർ 251/2015/H&FWD തീയതി 11/11/2015 പ്രകാരം കേരളത്തിലെ അത്യാസന്ന നിലയിലുള്ള രോഗികളെ ഉയർന്ന നിലവാരമുള്ള ആശുപത്രികളിലേക്ക് നീക്കം ചെയ്യുവാനും അവയവമാറ്റ ശസ്ത്രക്രിയയെ സഹായിക്കുന്നതിനുമായി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനായി നോഡൽ ഏജൻസിയായി നിയമിച്ചുകൊണ്ട് ഭരണപരമായി അംഗീകാരം നൽകുകയും ചെയ്തു. ഇതിൽപ്രകാരം കേരളാമെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ താത്പര്യപത്രം സമർപ്പിച്ച കമ്പനികളുടെ ഒരു യോഗം 02/12/2015 ൽ കൂടുകയും, യോഗത്തിലെ തീരുമാന പ്രകാരം അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്ന എല്ലാ സർക്കാർ, സ്വകാര്യ ആശുപത്രികളേയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ധാരണാപത്രം ഒപ്പിടുന്നതിന് ഒരു യോഗം കൂടുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ